# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.778 — 09.08.2017-ൽ മറുപടിയ്ക്ക്

## പുരാണ പാരായണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. രാമചന്ദ്രൻ : | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) സംസ്ഥാനത്തുള്ള പുരാണ പാരായണ മേഖലയിൽ പ്രവർത്തി ക്കുന്നവരുടെ പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; നിലവിൽ ഇവർക്ക് പെൻഷൻ, ചികിത്സാ ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നുണ്ടോയെന്നും ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ യെന്നും വ്യക്തമാക്കുമോ; | എ) നിലവിൽ പുരാണ പാരായണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് 08/11/1999 ലെ സ.ഉ.(എം.എസ്.) നം. 49/99/സി.എ.ഡി. ഉത്തരവു പ്രകാരം കലാകാര പെൻഷൻ നൽകിവരുന്നുണ്ട്. 7/9/2001 ലെ സ.ഉ.(എം.എസ്.) 45/2001/സി.എ.ഡി ഉത്തരവു പ്രകാരം കലാകാരന്മാർക്കുള്ള അടിയന്തര ചികിത്സാ സഹായ പദ്ധതിയിലും ഇവരെ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>നിലവിൽ 414 പുരാണ പാരായണക്കാർക്ക് സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് മുഖേന പ്രതിവർഷം 2000 രൂപ നിരക്കിൽ പെൻഷനും അപേക്ഷകൾക്ക് അനുസരിച്ച് ആനുകൂല്യങ്ങളും നൽകി വരുന്നു. |
| ബി) ഇവരെ പൈതൃക കലാകാരന്മാരായി അംഗീകരിക്കുമോ; വിശദമാക്കുമോ: | ബി) പുരാണ പാരായണക്കാരെ ക്ഷേമനിധിയുടെ ആക്ട് 2 (ഡി) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൈതൃക കലാകാരന്മാരായി അംഗീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| സി) പ്രസ്തുത കലാകാരന്മാർക്ക് ക്ഷേമനിധി, പെൻഷൻ ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ: വിശദീകരിക്കുമോ? | സി) സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ പുരാണ പാരായണക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിയന്തര ചികിത്സാ ധനസഹായ പദ്ധതിയിലും ഇത്തരം കലാകാരന്മാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ ആനുകൂല്യങ്ങളും നൽകി വരുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**